


ഡിജിറ്റൽ മാഗസിൻ 2018-2019

KERALA INFRASTRUCTURE AND TECHNOLOGY FOR EDUCATION



**ശ്രീ എം.പി. ബാലൻ**
**(മാനേജർ എച്ച്.എസ്.എസ്. ചളവറ)**



ശ്രീ. രാമദാസ്. എം
(ഹെഡ്മാസ്റ്റർ  എച്ച്.എസ്.എസ്. ചളവറ)



**ശ്രീ.പി. വിജയരാഘവൻ**

**(പി.ടി.എ പ്രസിഡണ്ട് എച്ച്.എസ്.എസ്. ചളവറ)**

**2018-19**

# ആധുനികസാങ്കേതികവിദ്യകളുടെ ലോകത്തിലെ "കുട്ടിപ്പട്ടങ്ങൾ"

# [ Little Kites ]

സാങ്കേതികവിദ്യകളുടെഅതിവേഗതയിലുള്ള വികാസമാണ് ആധുനിക ലോകത്തിന്റെ പ്രധാന സവിശേഷത. ഇത് ജനജീവിതത്തിലുണ്ടാക്കുന്ന മാറ്റങ്ങളും ഏറെ ശ്രദ്ധേയമാണ്.

കമ്പ്യൂട്ടർ,മൊബൈൽ ഫോൺ,ഇന്റെർനെറ്റ് എന്നീ സാങ്കേതികവിദ്യകളുടെ പ്രയോഗം ജനകീയമായതോടെ വിവരസമാഹരണം, വിനിമയം എന്നിവയിൽ അത്ഭുതകരമായ മാറ്റങ്ങളാണ് സമൂഹത്തിൽ സംഭവിച്ചുകൊണ്ടിരിക്കുന്നത്.

കേരളത്തിൽ ഈ സാധ്യതകൾ വിദ്യാഭ്യാസരംഗത്ത് ഫലപ്രദമായി ഉപയോഗപെടുത്തുന്നതിന് KITE മാതൃകാപരമായ പ്രവർത്തനങ്ങളാണ് നടത്തിക്കൊണ്ടിരിക്കുന്നത്.

ഹൈടെക്ക്ക്ലാസ്മുറികൾ, സമഗ്ര,LITTLE KITES എന്നീ പദ്ധതികളെല്ലാം ഇതിനുദാഹരണങ്ങളാണ്.

ചളവറ ഹയർ സെക്കണ്ടറി സ്ക്കൂളിലെ, ഹൈസ്കൂൾ-ഹയർസെക്കണ്ടറി വിഭാഗങ്ങളിലെ 38 ക്ലാസ് റൂമുകളിൽ ഇതിനകം മൾട്ടിമീഡിയ സംവിധാനങ്ങളോടുകൂടി ഹൈടെക്ക് ആയി കഴിഞ്ഞു . യു . പി . ക്ലാസുകളിൽ ശേഷിക്കുന്ന 13 ക്ലാസ്മുറികൾ കൂടി ഹൈടെക്ക് ആക്കുന്ന പ്രവർത്തനം ഈ വർഷം തന്നെ പൂർത്തീകരിക്കേണ്ടതുണ്ട് . Little Kites യൂണിറ്റിലുള്ള 39 കുട്ടികൾ മാതൃകാപരമായ പ്രവർത്തനങ്ങൾ നടത്തിവരുന്ന .Little kites -ന്റെ പ്രവർത്തനങ്ങളുടെ ഭാഗമായി നമ്മുടെ സ്കൂളിൽ ഒരു ഡിജിറ്റൽ മാഗസിൻ പ്രസിദ്ധീകരിക്കുന്ന എന്നത് ഏറെ അഭിമാനകരമാണ് . ഈ സംരഭത്തിന് എല്ലാ ആശംസകളും നേരുന്ന .

രാമദാസ്.എം
ഹെഡ്മാസ്റ്റർ



ശ്രീമതി റാണി. കെ

പ്രിൻസിപ്പാൾ

ലിറ്റിൽ കൈറ്റ്സിന്റെ ഡിജിറ്റൽ മാഗസിന്  ആശംസകൾ

# മാഗസിൻ കമ്മിറ്റി

ചെയർമാൻ : എം. രാമദാസ്

സ്റ്റാഫ് എഡിറ്റേഴ്സ് :ജ്യോതി. എ

: സുനിൽ. പി.കെ

സ്റ്റുഡൻറ് എഡിറ്റർ : ഭാവന 9A

അംഗങ്ങൾ : എ.നീരജ് - 9B

ബെൽവിൻ എൽദോ - 9A

കവിത.കെ - 9A

ഹസ്സൻ.ടി - 9A

ഹുസ്സൻ.ടി - 9A

ഹാഷിം യൂസഫ്.കെ - 9A

മുഹമ്മദ് നാസിഫ്.എൻ - 9A

വൈശാഖ്.സി - 9A

സുചിത്ര.ഇ.പി - 9A

മുഹമ്മദ് മുസ്തഫ.കെ -9B

അഭിജിത്ത്.പി - 9H

. അയ്യൂബ് ഇഹ്സാൻ.എൻ - 9H

അംജദ് റോബിൻ.ടി.കെ - 9F

സുഹൈൽ.കെ - 9E

അക്ഷയ്.കെ -9A

കവർപേജ് :ഹാഷിം യൂസഫ്.കെ - 9A



പൊതുവിദ്യാഭ്യാസരംഗത്ത് ശ്രദ്ധേയമായ മാറ്റങ്ങൾ സൃഷ്ടിച്ച അധ്യയന വർഷമാണ് 2018-2019.കേരളത്തിലെ പൊതുവിദ്യാലയങ്ങളിലെ ഹൈസ്കൂൾ,ഹയർ സെക്കണ്ടറി ക്ലാസ്മുറികൾ ഹൈ-ടെക്ക് ആയി മാറിയ ഈ വർഷത്തിൽ ചളവറ ഹയർ സെക്കണ്ടറി സ്കൂളിലെ ഹൈസ്കൂൾ ഹയർ സെക്കണ്ടറി വിഭാഗങ്ങളിലെയും മുഴുവൻ ക്ലാസ്മുറികളും ഹൈടെക്ക് ആയി മാറി.ഹൈടെക്കായ ക്ലാസ്മുറികളുടെ പ്രവർത്തനം, ഹൈടെക്ക് ഉപകരണങ്ങളുടെ സംരക്ഷണം, പരിപാലനം എന്നിവക്ക് നേതൃത്വം നൽകുന്നത് പരിശീലനം ലഭിച്ച ലിറ്റിൽ കൈറ്റ്സ് ക്ലബ് അംഗങ്ങളാണ്. ലിറ്റിൽ കൈറ്റ്സ് കുട്ടികളുടെ പൂർണ്ണമായ പങ്കാളിത്തത്തോടെ തയ്യാറാക്കിയ ഡിജിറ്റൽ മാഗസിനാണ് **e-വർണ്ണങ്ങൾ**. കുട്ടികളിലെ സർഗ്ഗശേഷി വളർത്തുന്നതിനും, വിവിധ സോഫ്റ്റ്വെയറുകളിലുള്ള പ്രാവീണ്യം പ്രായോഗിക തലത്തിലെത്തിക്കാനും ഈ പ്രവർത്തനങ്ങൾക്ക്കഴിയും.

എല്ലാ ലിറ്റിൽ കൈറ്റ്സ് ക്ലബ് അംഗങ്ങൾക്കും രചനകൾ നടത്തിയ കുട്ടികൾക്കും ആശംസകൾ

**ജ്യോതി. എ**

ലിറ്റിൽ കൈറ്റ് മിസ്ട്രസ്

**(SITC)**



കേരള സർക്കാർഐ.ടി.മിഷന്റെ ഭാഗമായി പ്രവർത്തിക്കുന്ന ലിറ്റിൽ കൈറ്റിന്റെ പ്രവർത്തനങ്ങൾ അഭിമാനാർഹമാണ് . ലിറ്റിൽ കൈറ്റിന്റെ നേതൃത്വത്തിൽ നടക്കുന്ന ഓരോ പ്രവർത്തനവും പുതുമകൾ തേടിയുള്ള യാത്രപോലെ പലപ്പോഴും അനുഭവപ്പെടാറുണ്ട് . സാങ്കേതിക മേഖലയുടെ വൈവിധ്യങ്ങൾ തേടിയും ,അറിഞ്ഞും, പരിചയിച്ചും ,പകർന്നും നൽകിയുള്ള ഇവരുടെ യാത്രയിലെ മറ്റൊരു നാഴിക കല്ലാണ് ഡിജിറ്റൽ മാഗസിൻ . സർഗാത്മകതയും സാങ്കേതികതയും സമന്വയിക്കുന്ന 'e-വർണം' സംരംഭത്തിന് എല്ലാ വിധ ആശംസകളും നേരുന്നു .

സുനിൽ. പി.കെ
ലിറ്റിൽ കൈറ്റ് മാസ്റ്റർ
( Joint SITC)

# ഉള്ളടക്കം


- ചളവറ ഹയർ സെക്കണ്ടറി സ്കൂൾ........................1
- സ്ക്കൂൾ പ്രവേശനോത്സവം ..........................5
- എൻെറ ഗ്രാമം............................................6
- ലിറ്റിൽ കൈറ്റ്സ്.........................................8
- സ്ക്കൂൾ പാർലമെന്റ്അംഗങ്ങൾ....................10
- സ്ക്കൂളിന്റെഅഭിമാനങ്ങൾ........... ................11
- അഫ്സത്ത് ടീച്ചർ.......................................12
- വെളിച്ചം....................................................14
- അറിവിന്റെ അവതാരങ്ങൾ............................15
- തണൽ മരങ്ങൾ..........................................16
- ജഡം ........................................................22
- ആദ്യ കവിതയുടെ ഓർമ്മ..............................23
- എൻെറ ഭാഷ..............................................24
- ക്ലാസ്സ്മുറി....................................................25
- ചെകുത്താൻ മഴ............................................26
- ജീവന്റെ തുടിപ്പ്...............................................27
- വായനാകുറിപ്പ് -രണ്ടിടങ്ങഴി............................29
- മരവിപ്പ്........................................................30
- വായനാകുറിപ്പ്-ബീർബൽ കഥകൾ...................31
- ഒരമ്മയുടെ കണ്ണുനീരിൻെറ വില ....................33
- എന്റെ വിദ്യാലയാനുഭവങ്ങൾ..........................35
- എന്റെ യാത്രാനുഭവം..................................... 36
- കവിത .........................................................39
- ചിത്രകാരനോടൊപ്പം (ഇബ്രാഹിം ബാദുഷ).......45
- പ്രശസ്ത സാഹിത്യകാരി -അനിത നായർ.......57

# ചളവറ ഹയർ സെക്കണ്ടറി സ്കൂൾ










1966-ലാണ് ഈ വിദ്യാലയം സ്ഥാപിതമായത്. 1998-ൽ വിദ്യാലയത്തിലെ ഹയർ സെക്കണ്ടറി വിഭാഗം പ്രവർത്തനമാരംഭിച്ചു. ആദ്യത്തെ പ്രധാനഅധ്യാപകൻ ശ്രീ ജനാർദ്ദനമേനോൻ ആയിരുന്നു.

തലമുറകൾക്ക് തണലും വെളിച്ചവുമേകിയ മഹാ വിദ്യാലയം. ചളവറയുടെ സാമൂഹ്യവും സാമ്പത്തികവുമായ പുരോഗതിയിൽ ചളവറ ഹയർസെക്കണ്ടറി സ്കൂൾ വഹിച്ച പങ്ക് ചെറുതല്ല. അതു പോലെത്തന്നെയാണ് ചളവറ ഹയർ സെക്കണ്ടറി സ്കൂളിന്റെ വളർച്ചയിൽ നാടിന്റെയും നാട്ടുകാരുടെയും പിൻതുണ.

1966 ൽ ഒരധ്യാപകനും ഒറ്റ ക്ളാസ് മുറിയുമായി തുടങ്ങിയ വിദ്യാലയമാണ് ഇന്ന് കാണുന്ന നിലയിലേക്ക് പടർന്ന് പന്തലിച്ചത്. ചളവറയിലെ സാമൂഹ്യ പ്രവർത്തകർ സൗജന്യമായി നൽകിയ സ്ഥലത്താണ് സ്കൂൾ പ്രവർത്തനമാരംഭിക്കുന്നത്. മരവും ഇഷ്ടികയും കായികാധ്വാനവുമായി "സ്വപ്നം" സ്ക്കൂളെന്ന നിലയിലേക്ക് നാട്ടുകാർ പടുത്തുയർത്തി. ഇന്നും ജനകീയ കമ്മറ്റിയുടെ നേതൃത്വത്തിൽ പ്രവർത്തിക്കുന്ന അപൂർവ്വം സ്കൂളുകളിൽ ഒന്നാണ് ചളവറ ഹയർസെക്കണ്ടറിസ്ക്കൂൾ. ഹയർ സെക്കണ്ടറി വിഭാഗത്തിലെ മുഴുവൻ മാനേജ്മെന്റ് സീറ്റുകളും മെറിറ്റിന്റ അടിസ്ഥാനത്തിൽ ഇതേ സ്കൂളിലെ കുട്ടികൾക്ക് മാത്രം നല്കുന്ന അപൂർവം മാനേജ്മെൻറാണ് ചളവറയിലേത്. യു പി തലം മുതൽ ഹയർ സെക്കണ്ടറി വരെ 2300 ഓളം കുട്ടികൾ ഇന്ന് ഈ വിദ്യാലയത്തിന്റെ ഭാഗമാണ്. പൊതു വിദ്യാലയങ്ങളിൽ വിവര വിനിമയ സാങ്കേതിക വിദ്യ പാഠ്യ പദ്ധതിയുടെ ഭാഗമാകുന്നതിനും മുൻപ് ചളവറയിലെ യു പി തലം മുതലുള്ള കുട്ടികൾക്ക് അതിന്റെ ഗുണം ലഭ്യമാക്കാൻ നമുക്കായി. ഇന്ന് 38 ഹൈടെക് ക്ലാസ് മുറികളാണ് സർക്കാറിന്റെ കൂടി സഹായത്തോടെ സ്കൂളിൽ ഒരുക്കിയിട്ടുള്ളത്.

കലാ കായിക മത്സരങ്ങളിലും, ശാസ്ത്ര-ഗണിത പ്രവൃത്തി പരിചയ മേളകളിലുമൊക്കെ സ്ഥിരമായി സബ് ജില്ലാ ചാമ്പ്യൻമാരാകുന്ന നമ്മുടെ കുട്ടികൾ സംസ്ഥാന തലത്തിലും നിരവധി തവണ മികവ് തെളിയിച്ചു. സംസ്ഥാന അധ്യാപക

അവാർഡുകൾ നേടിയ അധ്യാപകരും, ബാലശ്രീ പുരസ്കാരങ്ങൾ നേടുന്ന വിദ്യാർത്ഥികളും സ്കൂളിന്റെ അഭിമാനമായി. സംസ്ഥാനത്തെ പാഠ്യ പദ്ധതി രൂപീകരണത്തിലടക്കം ചളവറ ഹയർ സെക്കണ്ടറി സ്കൂളിലെ അധ്യാപകർ പങ്കാളികളാണ്. കൂടുതൽ മികവിലേക്ക്, കൂടുതൽ ഉയരങ്ങളിലേക്ക് നമുക്ക് നീങ്ങാം.. എല്ലാവരുടെയും കൈകൾ ചേർത്ത് പിടിച്ച്...

| ക്രമ നമ്പർ | വർഷം | മാനേജർ |
|---|---|---|
| 1 | 1966-1977 | ശ്രീ. കെ.എം.സി. നാരായണൻനമ്പൂതിരിപ്പാട് |
| 2 | 1977-1987 | ശ്രീ. അഡ്വ. പി.എ. ചന്ദ്രശേഖരമേനോൻ |
| 3 | 1987-1993 | ശ്രീ. പാലാട്ട് കുട്ടൻമേനോൻ |
| 4 | 1993-1999 | ശ്രീ. യു. രാമകൃഷ്ണൻ |
| 5 | 1999-2002 | ശ്രീ. എം. കുഞ്ചുനായർ |
| 6 | 2002-2005 | ശ്രീ.ടി.ഗോവിന്ദൻകുട്ടി |
| 7 | 2005-2014 | ശ്രീ. കെ. വേണുഗോപാലൻ |
| 8 | 2014- | ശ്രീ. എം. പി. ബാലൻ |

| ക്രമ നമ്പർ | വർഷം | ഹെഡ്മാസ്റ്റർ /ഹെഡ്മിസ്ട്രസ് |
|---|---|---|
| 1 | 1966-1986 | ശ്രീ. വി.ജനാർദ്ദനമേനോൻ |
| 2 | 1986-2000 | ശ്രീമതി. എം.കെ. മഹാദേവി |
| 3 | 2000-2001 | ശ്രീ. ടി.ഗോവിന്ദൻകുട്ടി |
| 4 | 2001-2002 | ശ്രീ.കെ.എം.എസ്. നമ്പൂതിരിപ്പാട് |
| 5 | 2002-2004 | ശ്രീ.കെ.ആർ. രമാദേവി |
| 6 | 2004-2005 | ശ്രീ.ആർ. കെ. ഭാനുമതി |
| 7 | 2005-2007 | ശ്രീ. ടി.കേശവൻകുട്ടി |
| 8 | 2007-2011 | ശ്രീമതി. കെ ശ്രീദേവി |
| 9 | 2011-2016 | ശ്രീ. എം. പി.ഗോവിന്ദരാജൻ |
| 10 | 2016- | ശ്രീ. എം. രാമദാസ് |

# സ്ക്കൂൾ പ്രവേശനോത്സവം-2018-ജൂൺ-1







# എൻെറ ഗ്രാമം

പഴയ വള്ളുവനാട്ടു താലൂക്കിൻെറ ഭാഗമായിരുന്ന ചളവറഗ്രാമം. ചളവറക്ക് ഇട്ടേക്കോട് എന്ന പേരും ആദ്യകാലത്തുണ്ടായിരുന്നു. ചളവറ മേഴ്ത്രിക്കോവിൽ പണ്ട് നടത്തിയിരുന്ന ഇട്ടേക്കോട് വാരം പ്രസിദ്ധമായിരുന്നു. ചളവറ,പുലിയാനംകുന്ന്, കയിലിയാട്,മുണ്ടക്കോട്ടുകുർശ്ശി എന്നീ നാലു പ്രധാന ഗ്രാമങ്ങൾ ഉൾക്കൊള്ളുന്നതാണ് ചളവറ ഗ്രാമപഞ്ചായത്ത്. കാർഷിക മേഖലയെ ആശ്രയിച്ച ജീവിച്ചിരുന്ന കൃഷിക്കാരും കർഷകതൊഴിലാളികളുമായിരുന്നു ജനസസംഖ്യയിൽ ഭൂരിഭാഗവും.പരമ്പരാഗത കുലതൊഴിലുകൾ ചെയ്തു ജീവിച്ചുപോന്ന ഒരു ചെറുവിഭാഗവുമുണ്ടായിരുന്നു.കവളപ്പാറ മൂപ്പിൽ നായരുടെ അധികാര പരിധിയിൽ ഉണ്ടായിരുന്ന 96 ഗ്രാമങ്ങളിൽ കയിലിയാടും മുണ്ടക്കോട്ടുകുർശിയും ഉൾപ്പെട്ടിരുന്നു . പ്രാധാന്യവുംഐശ്വര്യവും കത്തി നിന്നിരുന്ന കവളപ്പാറ കൊട്ടാരത്തിന്റെ ഒരു ശാഖ കയിലിയാട് ഉണ്ടായിരുന്നതിന്റെ അവശിഷ്ടങ്ങൾ ഇപ്പോഴും നിലനിൽക്കുന്നുണ്ട് . ഐതിഹ്യപ്രസിദ്ധമായ കയിലിയാട് ചെറുമുളയൻകാവ് ഭഗവതി ക്ഷേത്രം കവളപ്പാറ കൊട്ടാരം വകയാണ്. ചളവറ ചേറമ്പറ്റകാവ് , തൃക്കാരമണ്ണ വാണീർകാവ് , മുണ്ടക്കോട്ടുകുർശി കുന്നത്തുകാവ് , കയിലിയാട് ചെറുമുളയൻകാവ് എന്നീ ക്ഷേത്രങ്ങളെ കേന്ദ്രീകരികരിച്ച് വർഷം തോറും നടക്കുന്ന കൊയ്ത്തുത്സവങ്ങൾ അധ്വാനത്തിന്റെയും കൂട്ടായ്മയുടേയും മഹത്ത്വം ഉയർത്തിപ്പിടിക്കുന്നവയാണ്. വള്ളുവനാടിന്റെ തനിമയാർന്ന കലാരൂപങ്ങൾ ഈ ഉത്സവത്തിന്റെ സവിശേഷതയാണ്.



# e -വർണ്ണങ്ങൾ

ചളവറ പഞ്ചായത്തിലെ ആദ്യത്തെ ഗ്രന്ഥശാല 1945-46 ൽ ചളവറയിൽ ആരംഭിച്ചു . ഈ ഗ്രന്ഥശാല എം.എസ്.പി.വേട്ടയുടെ കാലത്ത് നശിപ്പിക്കപ്പെട്ടു. പിന്നീട് 1957 നവംബർ 14 ന് ഇന്നത്തെ ചളവറ പൊതുജന വായനശാല സ്ഥാപിച്ചു. പഞ്ചായത്തിലെ സ്മാരക ജനകീയ വായനശാല പിന്നീട് സ്ഥാപിക്കപ്പെട്ടു. എല്ലാ വായനശാലകളും സ്വന്തം കെട്ടിടത്തിൽ പ്രവർത്തിക്കുന്നു. സാംസ്കാരിക രംഗത്തും വികസന രംഗത്തും ഗണ്യമായ സംഭാനകൾ നൽകി . ചളവറയിലെ പ്രധാന ഗതാഗത മാർഗങ്ങൾ വാണിയംകുളം - വല്ലപ്പുഴ റോഡ്, കുളപ്പുള്ളി-എലിയപ്പറ്റ റോഡ്, കയിലിയാട് -കൃഷ്ണപ്പടി റോഡ്, ചളവറ- തരുവക്കോണം റോഡ്,ചളവറ - ചേറമ്പറ്റകാവ് റോഡ്, പൊരുതിയിൽ മനപ്പടി-പൊമ്പിലായറോഡ്എന്നിവയാണ്.1969-ലാണ് പഞ്ചായത്തിലാദ്യമായി ബസ്സ് സർവീസ് ആരംഭിച്ചത്.






# ലിറ്റിൽ കൈറ്റ്സ്







ശ്രീ .രാജീവ്  മാസ്റ്ററുടെ (മാസ്റ്റർ ട്രെയിനർ-കൈറ്റ്)  നേതൃത്തിലുള്ള ഏകദിന പരിശീലനത്തോടെയാണ്  സ്കൂളിലെ ലിറ്റിൽ കൈറ്റ്സിന്റെ പ്രവർത്തനങ്ങൾ ആരംഭിച്ചത്.ഹൈടെക് സ്കൂൾ പദ്ധതി, ലിറ്റിൽ കൈറ്റ്സിന്റ പ്രവർത്തനങ്ങൾ എന്നിവയെകുറിച്ച് കുട്ടികൾക്ക് വ്യക്തമായ ധാരണ ലഭിച്ചു.   ഹൈടെക് ക്ലാസ്മുറിയിലെ ഉപകരണങ്ങൾ പ്രവർത്തിപ്പിക്കാനാവശ്യമായ പരിശീലനം ലഭിച്ചു.

ലിറ്റിൽ കൈറ്റ്സിന്റ നേതൃത്വത്തിൽ  സ്കൂളിലെ 8,10 ക്ലാസുകളിലെ തെരഞ്ഞെടുത്ത കുട്ടികൾക്ക് പരിശീലനം നൽകി. ഹൈടെക് ക്ലാസ്മുറികളിലെ ഉപകരണങ്ങളുടെ സംരക്ഷണചുമതല ഈ കുട്ടികൾക്കാണ്. ഹൈടെക് ക്ലാസ്റൂം പ്രവർത്തനങ്ങൾക്ക് മറ്റുള്ളവർക്ക് ആവശ്യമായ സഹായം  നൽകുന്നു.

എല്ലാ ബുധനാഴ്ച്ചയും ഒരു മണിക്കൂർ പരിശീലനം നൽകുന്നു.സ്കൂളിലെ എല്ലാ പരിപാടികളുടെയും ഡിജിറ്റൽ ഡോക്യുമെന്റേഷൻ നടത്തുന്നത് ലിറ്റിൽ കൈറ്റ്സ് ആണ്.

# സ്കൂൾ പാർലമെന്റ് അംഗങ്ങൾ



ഷബ്ന. എം.ടി(C2)
ചെയർമാൻ



മുഹമ്മദ് നവാസ്. സി (9B)
വൈസ്ചെയർമാൻ



അപർണ. സി (10A)
സെക്രട്ടറി



അക്ഷയ. വി (S1)
ജോ. സെക്രട്ടറി



പവിത്ര. സി (8B)
കലാവേദി സെക്രട്ടറി



മുഹമ്മദ് ഷാമിൽ. എൻ (CS2)
കായികവേദി സെക്രട്ടറി



സന്ദീപ്. എൻ.ആർ (9D)
സാഹിത്യവേദി സെക്രട്ടറി



അഖില.ടി.എസ് (H2)
കലാവേദി ജോ.സെക്രട്ടറി



സബ്ന. എം (10F)
കായികവേദി ജോ.സെക്രട്ടറി



അർച്ചന. എ.പി (H1)
സാഹിത്യവേദി ജോ.സെക്രട്ടറി

# സ്കൂളിന്റെ അഭിമാനങ്ങൾ



ഷെരീഫ. ടി 9F

FIRST- A Grade

സംസ്ഥാന സകൂൾ

കലോത്സവം-ഉറുദു കവിതാരചന



അശ്വിൻ 10A

A- Grade

സംസ്ഥാന സകൂൾ

പ്രവൃത്തി പരിചയമേള -ഇലക്ട്രോണിക്സ്



മൃദുല. കെ. ടി -H2

സംസ്ഥാന ഹാൻഡ് ബാൾ- SECOND



അനന്തകൃഷ്ണൻ ടി. വി -9B

സംസ്ഥാന ഡിസ്കസ് ത്രോ- FOURTH



അനശ്വര-10F

സംസ്ഥാന ജാവലിൻ ത്രോ- FIFTH



# അഫ്സത്ത് ടീച്ചർ

## (1990 -2018)

അഫ്സത്ത് ടീച്ചർ നമ്മളെ വിട്ട് പിരിഞ്ഞ് ഈ ഫെബ്രുവരി 6 ന് ഒരു വർഷം തികയുന്നു . സ്കൂളിനും സഹ പ്രവർത്തകർക്കും മറക്കാൻ കഴിയാത്ത ഓർമ്മകൾ നൽകിക്കൊണ്ടാണ് ടീച്ചർ നമ്മളിൽ നിന്ന് മറഞ്ഞുപോയത് . തികച്ചും ഒരു കുട്ടിയുടെ പ്രസരിപ്പോടെയായിരുന്നു അഫ്സത്ത് ടീച്ചർ സ്കൂളിൽ വന്ന് പെരുമാറിയിരുന്നത്.കുട്ടികളുടെ പ്രിയപെട്ട അധ്യാപിക ,താനെടുക്കുന്ന വിഷയങ്ങളിൽ ആഴത്തിലുള്ള അറിവുണ്ടെങ്കിലും അതിന്റെ യാതൊരു ഗമയും കാണിക്കാത്ത, ലാളിത്യത്തിന്റെ നിറകുടം. സ്റ്റാഫ് റൂമുകളിൽ പലപ്പോഴും നിശബ്ദമായിരുന്നുവെങ്കിലും തമാശയെ തമാശയായും കാര്യങ്ങളെ ഗൗരവത്തോടെയും കാണാനുള്ള കഴിവ് ടീച്ചറുടെ മുഖമുദ്രയായിരുന്നു . മരണത്തിന് മുൻപ് ശരീരത്തിന് അസ്വസ്ഥതകൾ ഉള്ളതായി പറഞ്ഞിരുന്നു . ഓരോ ദിവസം കഴിയുന്തോറും ശരീരം ക്ഷീണിക്കുകയും, ബുദ്ധിമുട്ടുകൾ കൂടിവരുന്നതായി പറയുമ്പോൾ നല്ല ഡോക്ടറെ കാണാൻ ഞങ്ങൾ നിർബന്ധിക്കാറുണ്ടായിരുന്നു .2018 ഫെബ്രുവരി 6 ന് രാത്രി ഏകദേശം 10 മണിയോടെ സതീഷ് മാസ്റ്റർ ഫോൺ ചെയ്ത് പറഞ്ഞു "നമ്മുടെ അഫ്സത്ത് ടീച്ചർ.......” കൂടുതൽ പറയാൻ സതീഷ് മാസ്റ്റർക്കും കൂടുതൽ കേൾക്കാൻ എനിക്കും കഴിഞ്ഞില്ല . ഒരു നറു പുഞ്ചിരി ബാക്കി വെച്ച് ആരോടും ഒരു പരിഭവും പറയാതെ ടീച്ചർ ഒരു നക്ഷത്രമായി മാറി .

സി . സുരേഷ്ബാബു ( യു.പി വിഭാഗം അധ്യാപകൻ)

# e - വർണ്ണങ്ങൾ



*യു. പി. വിഭാഗം അധ്യാപിക (2015-2018)*



# വെളിച്ചം

അന്ധകാരത്തിൻെറ പൂട്ടിൽഅകപ്പെട്ടു കിടക്കുന്ന ,
കാഴ്ചകൾക്കപ്പുറം പൊള്ളുന്ന
ജീവിതാനുഭവങ്ങളുമായി
ചത്തുജീവിക്കുന്ന ജീവനുകളേ ,
വികൃതമായ് തീർന്നൊരാ
ശബ്ദം ചലിപ്പിക്കാൻ ശ്രമിക്കുവിൻ .
വിധിയെ അനുസരിക്കാതെ
അതിനെ പിന്തള്ളി ,
ഒരടിപ്പോലും പുറകോട്ടില്ലാതെ
സദാ നടക്കുവിൻ മുമ്പോട്ട് .
അന്ധകാരത്തിൻെറ ഊരാക്കുടുക്ക് പൊട്ടിച്ചെറിഞ്ഞ് ,
നടക്കുവിൻ പ്രകാശപൂരിതമാം ജീവിതത്തിലേക്ക്.
വിദൂരതയിൽ ആണ്ടുകിടക്കുന്ന
വെളിച്ചത്തിൻ മാതാവാം ,
വാനിനെ തൊടുവാൻ അസാധ്യമാണ്
എന്നാകിലും
അതിൻെറ തലോടൽ ഒന്നനുഭവിക്കാൻ
അതിലേക്ക് കുതിക്കുന്ന ,
ഒരുകൂട്ടം ആളുകൾ.
അതുപോലെതന്നെ പ്രകാശം
പൂർണ്ണമായ് സ്വീകരിക്കൽ അസാധ്യം
എന്നാകിലും പരിശ്രമിക്കൂ...
പരിശ്രമിക്കുന്നതിൽ ബുദ്ധിമുട്ടില്ല .
ഉണരൂ.... ഉണരൂ....
അന്ധകാരത്തിൽ നിന്ന്
കുതിക്കൂ.... കുതിക്കൂ....
പ്രകാശത്തിൻ വഴിയിലൂടെ

കവിത . കെ 9A

# അറിവിന്റെ അവതാരങ്ങൾ

പുസ്തകത്തെ 'പുത്തകം' എന്ന് വിളിക്കാൻ ഇഷ്ടപെട്ട കവിയാണ് കുഞ്ഞുണ്ണി മാഷ് . പുത്തൻ കാര്യങ്ങൾ അകത്തുള്ളത് പുത്തകം എന്നാണ് മാഷ് പറഞ്ഞ് വെച്ചത് . തന്നെയും തനിക്കു ചുറ്റുമുള്ള ലോകത്തേയും വിലയിരുത്താൻ മാത്രമല്ല ,തനിക്ക് ന്യായമായ ലോകത്തെ അനുഭവിപ്പിച്ചു തരാനും വായന നമ്മേ സഹായിക്കുന്നു.വായനയും എഴുത്തും ചിന്തയെ ഉദ്ദീപിപ്പിക്കുന്നതാണ്. നല്ല പുസ്തകങ്ങൾ വായിക്കണം എന്ന് പറയുമ്പോൾ തന്നെ ഏതാണ് നല്ലത് എന്നൊരു പ്രശ്നവും ഉയർന്ന് വന്നേക്കാം. ഏറ്റവും ലളിതമായ നിർവചനം സ്വന്തം ചേതനയെ അൽപ്പം കൂടി ഉയർന്ന തലത്തിലേക്ക് എത്തിക്കാൻ സഹായിക്കുക എന്നതാണ്. എല്ലാ ഉദാത്തമായ പ്രതികളും , ഇതിഹാസങ്ങളും നാം ആദ്യമായി വായിക്കുന്നതിനു മുൻപ് തന്നെ നമ്മിലേക്ക് എത്തിപ്പെട്ടിട്ടുണ്ടായിരിക്കും ,അത് കഥകളായും മൂല്യബോധങ്ങളായും വ്യാഖ്യാനങ്ങളായും ചൊല്ലുകളായും ഒക്കെ സംഭവിക്കുന്നതാണ് .അതുകൊണ്ട് നല്ല പുസ്തകങ്ങളുടെ തടവറയിൽ ജീവിച്ച്,അറിവിന്റെ അനന്തവിഹായസ്സിലേക്ക് പറന്നുയരുന്ന ലോകമാണ് ഓരോ ജീവിതവും .

*അനിൽകുമാർ. പി. കെ*
*ഗണിതശാസ്ത്ര അധ്യാപകൻ*

# തണൽ മരങ്ങൾ

മീനുവും അപ്പുവും സഹോദരങ്ങളാണ്.അപ്പുവാണ് ഇളയവൻ.അനാഥത്വത്തിൻെറ ഇരുട്ടിലാണ് അവർ കഴിയുന്നത്,അതും വിശപ്പിൻെറ പൈശാചികത സഹിച്ച് കടത്തിണ്ണയിൽ. കുറച്ച് നാളുകൾക്കു മുമ്പ് അവരും മറ്റുകുട്ടികളെ പോലെ സന്നാധരായിരുന്നു.അവർ അച്ഛനമമ്മക്കുമൊപ്പം കളിചിരിയോടെ കഴിഞ്ഞ കാലമുണ്ടായിരുന്നു.എന്നാൽ അതിപ്പോൾ വെറും മധുരിക്കുന്ന ഓർമ്മകളായി മാറിയിരിക്കുന്നു.അച്ഛനേയും അമ്മയേയും ഒരു വാഹനാപകടത്തിൽ നഷ്ടമായതാണ്.അതോടെ ആ പിഞ്ചുബാല്യങ്ങളുടെ സന്തോഷങ്ങൾക്കും സ്വപ്നങ്ങൾക്കും തിരശ്ശീല വീണു. ബന്ധുക്കൾ ശത്രുക്കളായി.പലരുടെയും മുഖംമൂടികൾ അഴിഞ്ഞു വീണു. തനി സ്വഭാവം പുറത്തെടുക്കപ്പെട്ടു.അവർ വീടു കൈയേറി. നിഷകളങ്കരായ ആ ബാല്യങ്ങൾക്കു മുന്നിൽ സ്വന്തം വീടിൻെറ വാതിൽ കൊട്ടിയടക്കപ്പെട്ടു.

പിന്നീടിരുവരും തെരുവിലേക്കിറങ്ങുകയായിരുന്നു.അവിടെ എവിടെയെങ്കിലും ആശ്രയം കിട്ടുമെന്ന് പ്രതീക്ഷിച്ച് സ്വന്തം വിശപ്പ് കടിച്ചു പിടിച്ചു മീനു തൻെറ കുഞ്ഞനിയൻെറ വിശപ്പിനു ശമനം കാണുവാൻ ഇതുവരെ ശീലിച്ചിട്ടില്ലാത്ത ഒരു ജോലിക്കിറങ്ങി ഭിക്ഷ യാചിക്കാൻ. അപ്പു ഓരോതവണ വിശപ്പറിയിക്കുമ്പോഴും മീനുവിൻെറ നെഞ്ചു പിടഞ്ഞു.അവൾ ഒരു നെടുവീർപ്പിട്ടുകൊണ്ട് അവൾ അവനെയും കൊണ്ട് നടന്നു. ഒരു ചർച്ചിനടുത്തെി.അവിടെ വിശ്വാസികളുടെ തിരക്കായിരുന്നു.പോകുന്നവരും വരുന്നവരും അവിടുത്തെ ഭണ്ടാരപ്പെട്ടിയിൽ പൈസയിട്ടു.അവിടെ യാചിച്ചു കൈനീട്ടിനിന്ന അവരെ ആരും ശ്രദ്ധിച്ചതുപോലുമില്ല.

അവിടെ നിന്നൊന്നും കിട്ടില്ല എന്നു മനസ്സിൽ ഉറപ്പിച്ച അവർ ഒരു നേരത്തെ ആഹാരത്തിനു വേണ്ടി അടുത്ത ആരാധനാലയത്തിലെത്തി. അവിടെയും ഒരു പുതുമയും കണ്ടില്ല എന്നു മാത്രമല്ല യാചിച്ചുചെന്ന അവരെ അശ്രീകരം എന്നു

മുദ്രക്കുത്തി.മീനുവിനെ തള്ളിയിടുകയും ചെയ്തു.ചോരപൊടിഞ്ഞ കൈയ്യിൽ ഊതികൊണ്ട് അവൾ അവിടെ സങ്കടത്തോടെ മൂകയായി നിന്നു.കണ്ണിൽ നിന്നു കണ്ണീരുപോലും വരാനില്ല.അത്രയും ക്ഷീണിതയായിരുന്നു അവൾ.

ഇതെല്ലാം കണ്ടുകൊണ്ടു നിന്ന ഒരു വിഗലാംഗൻ അവരുടെ അടുത്തെത്തി കാര്യങ്ങൾ മനസ്സിലാക്കുകയും അവരുടെ അവസ്ഥ മനസ്സിലാക്കി അടുത്തുള്ള ഒരു ഹോട്ടലിൽ കൊണ്ടുപ്പോയി ഭക്ഷണം വാങ്ങികൊടുക്കുകയും ചെയ്തു.അവിടെ നേരത്തെ മീനുവിനെ തള്ളിയിട്ട വിദ്വാൻ കാര്യമായി ഭക്ഷണം കഴിക്കുന്നുണ്ടായിരുന്നു.പെട്ടെന്നു അയാൾ കുട്ടികൾക്ക് വിഗലാംഗൻ ഭക്ഷണം വാങ്ങിക്കൊടുത്ത് അവരുടെ വയറുനിറക്കുന്ന കാഴ്ച്ച കണ്ടു.അയാൾക്ക് തൻെ പ്രവർത്തിയിൽ കുറ്റബോധം തോന്നി.അയാൾ ഭക്ഷണം കഴിക്കുന്നതു നിർത്തി അവരുടെ അടുത്തെത്തി.കുട്ടികൾ അയാളെ കണ്ട് ഭയന്നു.അയാൾ വിഗലാംഗനെ തൻെറ അഭിനന്ദനമറിയിച്ചു.അയാൾ പറഞ്ഞു,തൻെറ കുറവിനാൽ ജീവിക്കാൻ നെട്ടോട്ടമോടുന്ന താൻ തെരുവിലെ കുട്ടികൾക്കു ഭക്ഷണം വാങ്ങി നൽകുന്നതു അത്ഭുതം തന്നെയാണ് എന്ന്. പക്ഷേ വിഗലാംഗൻ പറഞ്ഞതു ദൈവത്തിൻെറ വരദാനമാണ് കുഞ്ഞുങ്ങൾ.ദൈവത്തിൻെറ അനുഗ്രഹമാണു വേണ്ടതെങ്കിൽ നിങ്ങൾ ഇവരെ പോലുള്ള കുഞ്ഞുങ്ങളുടെ വയറു നിറക്കുകയാണു വേണ്ടത്. ദൈവത്തിനിഷ്ടം ഇങ്ങനെ ചെയ്യുന്നതാകും. നമ്മൾ ഇവരെ പോലുള്ളവർക്കു തണൽ മരങ്ങളാകണം.ഇത്രയും കേട്ടതോടെ അയാളുടെ കണ്ണുകൾ നിറഞ്ഞു.അയാൾ ആ കുഞ്ഞുങ്ങളോട് മാപ്പ് അപേക്ഷിച്ചു.

ഭക്ഷണശേഷം ഒരു പ്രായശ്ചിത്തമെന്നവണ്ണം അയാൾ ആ കുഞ്ഞുങ്ങൾക്കു ഉടുപ്പ് വാങ്ങി കൊടുത്തു അവരെ അനാഥാലയത്തിലാക്കി. ആ കുട്ടികൾക്കു ഒരു പുതുജീവൻ നൽകി.ഇതുപോലെ അയാൾ ഓരോ കുട്ടികളെയും പാവങ്ങളെയും സഹായിച്ചു. അവർക്കു തണൽ മരങ്ങളായി നിലകൊണ്ടു..........

റിൻഷിദ നസ്റിൻ.പി.പി 9-A

# വാട്ടർ കളർ പെയിന്റിംഗ്





സന 6D

# e -വർണ്ണങ്ങൾ








കൃഷ്ണജിത്ത് 6C

# ഡിജിറ്റൽ പെയിന്റിംഗ്



ഹാഷിം യൂസഫ്   9A

# ജൂൺ-5 പരിസ്ഥിതി ദിനം





# ജഡം

ഒരു ജഡം കഥ പറഞ്ഞു കൊണ്ടിരുന്നു

പകുതിയിലേറെ മരിച്ച ശരീരത്തിന്

മറ്റൊരു മരണത്തിൻെറ ആവശ്യമില്ല...... മരിച്ചവൻെറ പരിഗണനകൾ മുന്തിയതാണ്

അടച്ച വാതിൽ തുറക്കാനും വെള്ളത്തിനു മുകളിൽ നടക്കാനും

അത്യപൂർവ്വ സിദ്ധികൾ ലഭിക്കും.

ഒരു ജഡം ചോദിക്കുന്നു

ഏത് മതമാണ് മരിച്ചവന് സ്വൈര്യം

നൽകാത്തത് ?

മരണമാണോ നല്ലത് ?

അതോ മരണതുല്യമായ ഈ നശ്വര ജീവിതമോ ?

ഒരു ജഡം ചോദിക്കുന്നു.

ഫാത്തിമ. എം

8D

# ആദ്യ കവിതയുടെ ഓർമ്മ

എന്നോട് കലഹിച്ചിരിപ്പാണെന്ന തോന്നും
പേനയുടെ മട്ട് കണ്ടാൽ
കുടഞ്ഞ് കുടഞ്ഞ് കുത്തി വരച്ച് വരച്ച്
അതിൻെറ വാശി തീർത്തുകൊണ്ടേയിരുന്നു
അർത്ഥമില്ലാത്ത കവിത എന്നിൽ വേണ്ട
എന്നാണ് പുസ്തകത്തിൻെറ നിലപാട്
തപ്പിതടഞ്ഞ് ചേർത്ത അക്ഷരം
ആദ്യമായ് ഞാനെൻ കവിതയെഴുതി
എൻെറ മാത്രം കവിത
ഞാനെന്ന കവിത.

അനശ്രീ.എൻ

8D

# എൻെറ ഭാഷ

മലയാളമാണെൻെറ  മാതൃഭാഷ
മധുമൊഴി തൂകുന്ന സ്നേഹഭാഷ
കേരളനാടിൻെറ ഭൂമിഭാഷ
സ്നേഹബന്ധങ്ങൾ ഒരുമിച്ചുചേരുന്ന
നേർവഴികാട്ടുന്ന ധർമ്മഭാഷ
നീതിയും ന്യായവും സത്യവും നിറയുന്ന
കുരുന്നു ജീവൻെറ തുടിപ്പുഭാഷ
അമ്മിഞ്ഞപ്പാലിൻ  മാധുര്യമൂറുന്ന
അമ്മതൻ സ്നേഹം നിറഞ്ഞ ഭാഷ
മധുരവും ലളിതവും  മായാവസന്തവും
ഒരുമിച്ച്  ചേരുന്ന മനുഷ്യഭാഷ
നറുങ്ങുവെട്ടത്തിൽ  കുരുന്നുമനസ്സുകളുരുവിട്ടു
പറയും ഹൃദയഭാഷ.

അനന്ത.എം .ടി
6-D

# ക്ലാസ്സ്മുറി

ഞാനിരുന്നു

മാഷ് എന്നോട് ഒരു കവിതയെഴുതുവാൻ പറഞ്ഞു

ബോർഡിലെഴുതുവാൻ നോക്കി

ആരേലും മായ്ക്കുമോയെന്നു പേടി

കടലാസ്സിൽ എഴുതുവാൻ നോക്കി

അക്ഷരതെറ്റ് പേടി

മനസ്സിലെഴുതുവാൻ മോഹം

കവിത വായ്ക്കുന്ന മാഷിന്

എൻെറ മനസ്സ്

വായിക്കുവാൻ കഴിയുമോ ?......

ദിയ . എസ്.നായർ

6-A

# ചെകുത്താൻ മഴ

പ്രളയമൊട്ടാകെ ഉയരുന്ന ലോകത്തിൽ
രക്ത ഗന്ധം പടർത്തുന്നുവോ
ഈ മഴ..................
ഇടിയുണ്ട് മഴയുണ്ട് കൂട്ടിനു....
സ്നേഹമുണ്ടായിരുന്നു....
ഹർഷമുണ്ടായിരുന്നു പണ്ട്.......
ചതിക്കുന്നു.....,ചിരിക്കുന്നു....
കൊലവിളിക്കുന്നു...
ഇന്നീ ചെകുത്താൻ..
സ്നേഹത്തിൻ കരിമ്പായിരുന്നു.......
അന്നെനിക്ക് മഴ
ദുഃഖത്തിൻ തഴമ്പാണിന്നു മഴ
കറുത്ത കൂട്ടുകാരനിൽ നിന്ന്
മണ്ണിലെത്തുമ്പോൾ ശത്രുവാണ് നീ
എനിക്കിന്ന് ശത്രുവാണ് നീ ....
ചെകുത്താനാണു നീ.....
ആടുവാനില്ല ഞാൻ..
പാടുവാനില്ല ഞാൻ..
കൂട്ടുകൂടുവാനും ഇല്ല

ദിയ.എസ്.നായർ
6-A

# ജീവന്റെ തുടിപ്പ്

മനസിൽ മുറിവേൽപ്പിച്ച്
മനസ്സില്ലാ മനസ്സോടെ
എന്നിൽ നിന്നകന്ന കൂട്ടുകാരി

ദയയുടെ കണ്ണുകളാൽ ആ
വേട്ടാളർ നിൻ മുഖം
നോക്കുന്നത് ഞാൻ കണ്ടില്ല

നിൻ കൈകളായ ചില്ലകൾ
ഇരുണ്ട മുഖത്താൽ
അറുത്തെടുത്ത നീചരാം
വേട്ടാളർ

മനുഷ്യന്റെ മുഖം മൂടിയണിഞ്ഞ്
നീച ഹസ്ത്താൽ
അറുത്തു മാറ്റി നിന്നെ
ഈ മുറ്റത്തു നിന്ന്

നിന്റെ തണൽ ആസ്വദിച്ച്
നിൻ ഫലം ഭക്ഷിച്ച്
നിൻ നന്മയെ വാർത്തെടുത്ത്
അറുത്തു മാറ്റി നിന്നെയവർ

അന്ത്യശ്വാസത്തിന് വേണ്ടി
നീ നിലവിളിച്ചത്
ഓർത്തിടുന്നു ഞാൻ
ഓമലേ.....
ഒടുവിൽ നിൻ അവശിഷ്ടം
വെട്ടിമുറിച്ച് കത്തിയെരി-
യുന്ന തീക്കനലിൽ ഇട്ടു
ചാരമാക്കി

നിന്റെ അഭാവത്തിൽ
തേങ്ങുന്ന എൻ മനം
വിറക്കുന്ന കൈകളാൽ
നിനക്കായ് കുറിച്ചിട്ടത്
കടുപ്പേറും ഈ വരികളിലെ
പ്രതിഷേധം മാത്രം

ഫാത്തിമ നസ്റിൻ-9A

# വായനാകുറിപ്പ് -രണ്ടിടങ്ങഴി

പ്രശസ്തകഥാകൃത്ത് "തകഴി ശിവശങ്കരപ്പിള്ള" യുടെ "രണ്ടിടങ്ങഴി" നാം പിന്നിട്ട ഒരു സമൂഹത്തിന്റ നേർക്കാഴ്ചയാണ് . സ്നേഹവിശ്വാസങ്ങളുടെയും പ്രതികരണങ്ങളിലൂടെ വിജയിച്ച ഒരു സമൂഹത്തിന്റയും കഥ പറയുന്ന "രണ്ടിടങ്ങഴി" ഏതൊരു വായനക്കാരനും പ്രചോദനമാണ്.

കൃഷിഭൂമി കൈയടക്കിവച്ച ജന്മിമാരുടെയും അവരുടെ അടിമകളായി കഴിഞ്ഞിരുന്ന കുടിയാന്മാരുടെയും കഥ പറയുന്ന തകഴി ജന്മിമാരുടെ ക്രൂരതയും സ്വാർഥതയും ഇതിലൂടെ തുറന്നു കാട്ടുന്നു. സ്ത്രീകൾ നേരിടേണ്ടിവന്ന ദുരിതങ്ങളും അവർക്കെതിരെ നടന്നിരുന്ന അതിക്രമങ്ങളും നമുക്ക് മുന്നിൽ ദൃശ്യമാണ്.അടിമത്വത്തിൽ നിന്നും അവഗണനകളിൽ നിന്നും ധൈര്യം നേടുന്ന കുടിയാന്മാർ ജന്മിമാർക്കെതിരെ ശബ്ദമുയർത്തിവിജയിക്കുന്നു.

ദാരിദ്ര്യത്തെ സ്നേഹം എന്ന ആയുധം കൊണ്ട് തോൽപ്പിക്കുന്ന കോരനും ചിരുതയും ഉത്തമദാമ്പത്ത്യത്തിന് ഒരു ഉദാഹരണമാണ് . സുഖത്തിലും ദുഃഖത്തിലും ഒന്നിച്ച് നിന്ന് പോരാടിയ അവർ വായനക്കാരുടെ ഹൃദയങ്ങളിൽ ഇടം പിടിക്കുന്നു. ജയിലിൽ പോയ കോരനെ കാത്തിരിക്കുന്ന ചിരു നമ്മുക്ക് ഒരു ഉണർവാണ്.സ്നേഹബന്ധങ്ങളുടെ ഊഷ്മളതയെ ഭാഷാ ശൈലികൊണ്ടും ലളിതമായ പദപ്രയോഗങ്ങളിലൂടെയും തകഴി കൂടുതൽ മനോഹരമാക്കി.ആസ്വാദകർക്ക് തന്റെ നോവലിലൂടെ ഒരു നേർകാഴ്ച ഒരുക്കി കൊടുക്കുന്നു

# മരവിപ്പ്

പാതയിൽ നിന്നു പോയൊരാ
കാൽപ്പാടു തൻ വേദന
മരവിച്ചയെൻ മനസ്സിനു വിങ്ങലേകി
നിന്റെ മുന്നിൽ നടന്നിരുന്ന നാൾ
നിന്നെ നയിക്കുവാനായിരുന്നെനിക്കിഷ്ടം
നിന്റെ കാൽപ്പാടു തൻ പാതയിൽ
അടിവെച്ചടിവെച്ച് നടന്നെന്നും
നിന്നെ പിന്തുടരുവാനെനിക്കിഷ്ടമായിരുന്നു
മാഞ്ഞു പോയ് കാൽപ്പാടുകൾ എന്നെ തനിച്ചാക്കി
നിത്യവും കൺ തുറക്കുന്നത്
നിന്റെ ഓർമതൻ ഞെട്ടിതരിപ്പിൽ
ഇനിയില്ല അരെയും പിന്തുടരലും
നയിക്കലും എൻ ജീവിതത്തിൽ

ഈ മരവിച്ച പാതയിൽ
നിശ്ചലമായി എൻ ജീവിതം
നിന്റെ ആ മരവിച്ച ദേഹ കാഴ്ചയിൽ
മരവിപ്പൂ എൻ ലോകമെന്നെന്നേക്കുമായ്

ഭാവന. എൻ


9A

# വായനാക്കുറിപ്പ്-ബീർബൽ കഥകൾ

മലയാളത്തിലെ പ്രധാന കഥാകൃത്തുക്കളിലൊരാളായ എ.ബി.വി കാവിൽപ്പാടിന്റെ കൃതിയാണ് 'ബീർബൽ കഥകൾ' .
മുഗൾ ചക്രവർത്തിമാരിൽ പ്രമുഖനായ അക്ബർ ചക്രവർത്തിയുടെ സദസ്യനും അതിലുപരി അദ്ദേഹത്തിന്റെ സന്തതസഹചാരിയുമായ ബീർബൽ തന്റെ യുക്തിവൈഭവവും നർമ്മബോധവും കൊണ്ട് ഏവരേയും ചിരിപ്പിക്കുകയും ചിന്തിപ്പിക്കുകയും ചെയ്ത അവസരങ്ങൾ കഥാരൂപത്തിൽ അവതരിപ്പിച്ചിരിക്കുകയാണ് കഥാകൃത്ത്.ബുദ്ധി കൊണ്ട് മറ്റുള്ളവരുടെ വായ അടപ്പിക്കുന്ന ബീർബൽ അതീവതന്ത്രശാലിയും കൗശലക്കാരനുമാണ്.ഒരു ദിവസം പരിവാരങ്ങളോടൊപ്പം സായാഹ്ന സവാരിക്കിറങ്ങിയ ചക്രവർത്തി "ശരിയും തെറ്റും തമ്മിൽ എത്ര അകലമുണ്ടെന്ന്" ബീർബലിനോട് ചോദിച്ചു.തന്റെ ചോദ്യത്തിനു മുന്നിൽ ബീർബൽ മുട്ടുകുത്തി എന്ന് അക്ബർ വിചാരിച്ചു.പക്ഷെ അദ്ദേഹത്തിന്റെ ചോദ്യത്തിന് അടിക്ക് തിരിച്ചടിയായി ബീർബൽ മറുപടി നൽകി.ശരിയും തെറ്റും തമ്മിൽ വെറും നാലു വിരലിന്റെ അകലമേയുള്ളൂ എന്ന് ബീർബൽ പറഞ്ഞു.കാരണമെന്തെന്നാൽ ചെവിയും കണ്ണും തമ്മിലുള്ള അകലമാണ് ബീർബൽ കണക്കാക്കിയത്.അതെന്തെന്നാൽ ചെവി കേൾക്കുന്നത് തെറ്റാവാം.എന്നാൽ കണ്ണുകാണുന്നത് എപ്പോഴും ശരിതന്നെയായിരിക്കും.
അതുകൊണ്ടാണ് ശരിയും തെറ്റും തമ്മിലുള്ള അകലം നാലുവിരലാണെന്ന് ബീർബൽ പറഞ്ഞത്.ഇങ്ങനെ ചിന്താപരവും ബുദ്ധിപരവുമായ കാര്യങ്ങളാണ് ബീർബൽ കഥകൾ നമുക്ക് തരുനത്.

# e -വർണ്ണങ്ങൾ

## ചിത്രരചന



കിരൺ

8A

# ഒരമ്മയുടെ കണ്ണുനീരിന്റെ വില

അപ്പു എന്ന ഒരുമിടുക്കനായ വിദ്യാർത്ഥിയുണ്ടായിരുന്നു.വീട്ടുക്കാർക്കും കൂട്ടുകാർക്കും നാട്ടുകാർക്കും എല്ലാം അവനെ വളരെ ഇഷ്ടമായിരുന്നു. സ്കൂളിലും വീട്ടിലുമെല്ലാംഎല്ലാ നല്ല കാര്യങ്ങൾക്കും അവൻ മുന്നിലായിരുന്നു.പഠനത്തിലും അവൻ മിടുക്കനായിരുന്നു. അതിനാൽ സ്കൂളിലെ ടീച്ചർമാർക്കും അപ്പുവിനെ വലിയ കാര്യമായിരുന്നു.

സ്കൂളിലെഎല്ലാപഠനപ്രവർത്തലങ്ങളിലും അവൻ പങ്കെടുക്കുമായിരുന്നു.അതി- ൽ ഉന്നതവിജയം കരസ്ഥമാക്കുകയും ചെയ്യുമായിരുന്നു. അവൻ ഒറ്റമകനായതുകൊണ്ട് അച്ഛനും അമ്മയും അവന്റെ എല്ലാ ആഗ്രഹങ്ങളും സാധിച്ചുകൊടുത്തിരുന്നു. അപ്പുവിന്റെ പിറന്നാൾ ദിവസം അവനോട് ചോദിച്ചു "മോനെ അപ്പു, നിനെക്കെന്താണ് പിറന്നാൾ സമ്മാനമായി വേണ്ടത്? ഒരു മൊബൈൽ വേണമെന്നായിരുന്നു അവന്റെ മറുപടി. ഇത് കേട്ടയുടനെ അപ്പുവിന്റെ അമ്മ പറഞ്ഞു "ഇപ്പോൾ മൊബൈൽ ഫോണിന്റെ ആവശ്യമെന്താ? നിനക്കിപ്പോൾ പഠിക്കേണ്ട സമയമാണ് നീ അതിൽ ശ്രദ്ധിക്ക്.അമ്മ പറഞ്ഞത് അവന് തീരെ ഇഷ്ടപ്പെട്ടില്ല.അവൻ അച്ഛനോട് മൊബൈൽ ഫോൺ കാരണം ഉഴപ്പില്ലായെന്നും , ഫോണിൽ പഠിക്കാൻ വേണ്ട ഒരുപാട് നല്ലകാര്യങ്ങൾ ഉണ്ട് എന്നെല്ലാം പറഞ്ഞ് സമ്മതിപ്പിച്ചു. അങ്ങനെ അവന് മൊബൈൽ ഫോൺ കിട്ടി. ഫോണിനോട് ഇത്രയും താൽപര്യം അപ്പുവിന് വരാൻ കാരണം അവന്റെ കൂടെ പഠിക്കുന്നവരുടെ കയ്യിലെല്ലാം ഇത് ഉണ്ടായിരുന്നു.ഫോൺ കിട്ടിയതിന് ശേഷം അപ്പുവിന്റെ സ്വഭാവത്തിൽ ചില വ്യത്യാസങ്ങൾ കാണാൻ തുടങ്ങി. പിന്നീട് ഏതു നേരവും അവൻ ഫോണിൽ കളിയായി. ഇടക്കിടയ്ക്ക് അമ്മ അവനോട് ചോദിക്കുമായിരുന്നു 'മോനെ നിനക്കൊന്നും പഠിക്കാനില്ലേ ?........' എന്ന്. ഇത്കേൾക്കുന്നത്അവന് ഇഷ്ടമല്ലായിരുന്നു. ഞാനെല്ലാം പഠിച്ചുകഴിഞ്ഞു എന്നായിരുന്നു അവന്റെ മറുപടി. ക്ലാസ്സിൽ അശ്രദ്ധവാനായുള്ള ഇരുത്തവും ദേഷ്യത്തോടെയുള്ള പെരുമാറ്റവും ടീച്ചറുടെ ശ്രദ്ധയിൽപ്പെട്ടിരുന്നു. സ്കൂൾവിട്ട് വീട്ടിൽ എത്തിയാൽ ഉടനെ ഫോണുമായി റൂമിൽ കയറി കതകടക്കുകയും എല്ലാകാര്യത്തിനും അമ്മയോട് കയർത്തു സംസാരിക്കുകയും ചെയ്യുമായിരുന്നു. ഒരു ദിവസം അപ്പുവിന്റെ അമ്മയുടെ ഫോണിലേക്ക് അവന്റെ ക്ലാസ് ടീച്ചറുടെ വിളി വന്നു. പതിവായിതന്റെ മകനെ കുറിച്ച് കേൾക്കുന്ന ആ നല്ല വാർത്തകൾ അല്ല അന്ന് അമ്മ കേട്ടത്,അവൻ എപ്പോഴും ക്ലാസിൽ അശ്രദ്ധവാനാണെന്നും പരീക്ഷകളിലെല്ലാം അവന് മാർക്ക് കുറവാണെന്നും അവനെ കാര്യങ്ങൾ പറഞ്ഞ് മനസ്സിലാക്കണം എന്നൊക്കെയായിരുന്നു അന്ന് ആ ടീച്ചർ പറഞ്ഞത്. ഇത് കേട്ട് ആ

പാവം അമ്മയുടെ ഹൃദയം തകർന്നു പോയി. ടീച്ചറാണ് അമ്മയെ വിളിച്ചതെന്നും ടീച്ചർ എന്തൊക്കെയാണ് അമ്മയോട് പറഞ്ഞതെന്നും അവന് വ്യക്തമായി അറിയാമായിരുന്നു. അമ്മയുടെ കരച്ചിൽ കേട്ട് അവന് സഹിക്കാനായില്ല . അവൻ മൊബൈൽ ഫോൺ അമ്മയുടെ കൈകളിൽ കൊടുത്ത് പറഞ്ഞു 'അമ്മേ , എന്നോട് ക്ഷമിക്കണം . ഇനി ഞാൻ കാരണം അമ്മയ്ക്ക് ഒരിക്കലും ഈ അവസ്ഥ ഉണ്ടാവില്ല. ഇനി ഈ മൊബൈൽ എനിക്ക് ആവശ്യമില്ല. ഞാൻ ഇനി നന്നായി പഠിച്ചോളാം . അമ്മ എന്നോട് ഇത്തവണ ക്ഷമിക്കണം. അമ്മ കണ്ണുനീർ തുടച്ച് മകനെ വാരിപ്പുണർന്നു.

ഹാരിഫ ജാസ്മിൻ
9-A

# എന്റെ വിദ്യാലയാനുഭവങ്ങൾ

**ഞാൻ ഈ വിദ്യാലയത്തിൽ വന്നപ്പോഴുണ്ടായഅനുഭവത്തെപ്പറ്റിയാണ്എഴുതുന്നത്....**

ഞാൻ ഒരു ചെറിയ സ്കൂളിൽ നിന്നാണ് ഇത്രയും വലിയസ്കൂളിലേക്ക് വന്നത്. അപ്പോഴെനിക്കുണ്ടായ മാറ്റങ്ങൾ വളരെയേറെയാണ്.കുറച്ചു കുട്ടികളുമായി മാത്രം ഇടപഴകി ശീലമുള്ളഎനിക്ക് കുറേ കുട്ടികളുമായി ഇടപഴകാൻ ആദ്യമൊക്കെ ബുദ്ധിമുട്ടുണ്ടായിരുന്നു. എന്നാൽ പിന്നീട് ഈ സ്കൂൾ പതുക്കെ പതുക്കെ എന്റെ ജീവനായി മാറി.ഒൻപതു വർഷം പഠിച്ച സ്കൂളിനേക്കാൾ മൂന്ന് വർഷം പഠിച്ച സ്കൂൾ എനിക്ക് പ്രിയപ്പെട്ടതായി മാറി.എന്റെ കഴിവുകൾ ഞാൻ തിരിച്ചറിഞ്ഞത് ഈ സ്കൂളിൽ നിന്നാണ്,കുട്ടികളോടുള്ള പെരുമാറ്റം ഞാൻ പഠിച്ചതും ഇവിടുന്നാണ്. അധ്യാപകരുടെ പെരുമാറ്റമാണ് ഇതിനെല്ലാം എന്നെ സഹായിച്ചത് .

ചളവറ ഹൈസ്കൂളിനെ പറ്റി ,

ഹസ്സൻ

***9A***

-

# എന്റെ യാത്രാനുഭവം

എന്റെ ജീവിതത്തിലെ ഒരിക്കലും മറക്കാനാവാത്ത ഒരുപാട് ഓർമ്മകൾ സമ്മാനിച്ച ഒരു യാത്രയായിരുന്നു കൊടൈകനാൽ യാത്ര. കാരണം അത്രമേൽ അനുഭവങ്ങളാണ് ഈ യാത്ര എനിക്ക് സമ്മാനിച്ചത്.യാത്രയുടെ ആരംഭം ഉച്ചയക്ക് ഒന്നരക്ക് ആയിരുന്നു. 3 ബസ്സുകളിലായാണ് ഞങ്ങൾ കുട്ടികൾ പോയത്. ബസ് നമ്പർ 1ആയ കൃഷ്ണകൃപാ ബസ്സിലേയ്ക്ക് , ഞങ്ങളെല്ലാവരുംവളരെ സന്തോഷത്തോടെ ബസ്സിൽ കയറി സ്കൂളിനോടും മറ്റു വിദ്യാർത്ഥികളോടും യാത്ര പറഞ്ഞ് അതിമനോഹരമായ കൊടൈകനാലിലേക്ക് ഞങ്ങൾ പത്താം ക്ലാസിലെ കുട്ടികൾ യാത്ര തിരിച്ചു. അധ്യാപകരോടൊപ്പം കളിച്ചും ചിരിച്ചും പരമാവധി ആസ്വദിച്ചായിരുന്നു ഞങ്ങളുടെ മുന്നോട്ടുള്ള യാത്ര . സ്കൂളിൽ നിന്ന് തുടങ്ങി ഒരുപാട് ദൂരം യാത്ര ചെയ്യുമ്പോഴും ഡാൻസിൽ മുഴുകിയ ഞങ്ങൾ സമയം പോയതറിഞ്ഞില്ല . ഒരുപാട് ദൂരം സഞ്ചരിച്ച ശേഷം വൈകുന്നേരം ചായ കുടിക്കാനായി ബസ്സുകൾ നിർത്തി. ചായ കഴിച്ച് വീണ്ടും ഞങ്ങൾ ബസിൽ കയറി. പിന്നെയും യാത്ര ആരംഭിച്ചു. അങ്ങനെ ഞങ്ങൾ ചുരം കയറുമ്പോൾ പാട്ടുകൾ നിർത്തി. സിനിമ വെച്ചു. സിനിമ കണ്ട് സമയം കടന്നുപോയതും കൊടൈയ്ക്കനാലിൽ എത്തിയതും ഞങ്ങൾ അറിഞ്ഞില്ല. ചുരം കയറുമ്പോൾ തണുപ്പ് അനുഭവപ്പെടാൻ തുടങ്ങി. തണുപ്പിലേക്ക്കാലെടുത്തുവെച്ചത് അപ്പോഴായിരുന്നു. വരണ്ട കാലാവസ്ഥയുടെ ഇടങ്ങളിൽനിന്ന് കൊടൈക്കനാൽ എത്തുമ്പോൾ അന്തരീക്ഷം ആകെ മാറിയിരിക്കുന്നുയെന്നും തണുപ്പ് നന്നായി അനുഭവപ്പെടുമെന്നും ഈ അനുഭവത്തിലൂടെ

മനസ്സിലാക്കാം.തണുപ്പ് അതിശക്തമായിരുന്നു. അങ്ങനെ ഒന്നരക്ക് ആരംഭിച്ച യാത്ര അവസാനിച്ചത് രാത്രിയിലായിരുന്നു.

കോരിത്തരിക്കുന്ന തണുപ്പിലേക്ക് കാലെടുത്തുവെച്ചപ്പോൾ ഞങ്ങളെല്ലാവരും അസ്വസ്ഥരായെങ്കിലും പിന്നീട് ആ തണുപ്പ് ഏറെ ആസ്വാദ്യകരമായി മാറി . എല്ലാവരും ബസ്സിൽ നിന്നിറങ്ങി റൂമിലേക്ക് നടന്നു നാല് പേർക്ക് ഒരു മുറി എന്ന രീതിയിലായിരുന്നു താമസസൗകര്യം . നല്ല ഭംഗിയും വൃത്തിയും എല്ലാ സൗകര്യങ്ങളും അടങ്ങിയ അതിമനോഹരമായ ഒരു മുറിയായിരുന്നു അത്.ഞങ്ങളുടെ ബാഗുകളൊക്കെ റൂമിൽ വെച്ചു. ഭക്ഷണം കഴിക്കാൻ പോയി . എന്ത് കഴിക്കണമെന്ന് സംശയത്തോടെ നിന്ന ഞങ്ങൾ നെയ്ചോറും ചിക്കൻകറിയും കഴിക്കാമെന്ന് തീരുമാനിച്ചു . ഞാനും എൻെറ കൂട്ടുകാരികളും ഭക്ഷണം കഴിച്ചു . ഭക്ഷണം കഴിച്ചതിനുശേഷം ഞങ്ങൾ റൂമിലേക്ക് തന്നെ പോയി . ഞങ്ങളെല്ലാവരും ഫ്രഷായ ശേഷം കിടക്കാൻ തയ്യാറായി . നേരത്തെ എഴുന്നേൽക്കണം എന്ന ടീച്ചറുടെ നിർദ്ദേശം കേട്ടപ്പോൾ സത്യം പറഞ്ഞാൽ എനിക്കൊരുപാട് സന്തോഷമായി കാരണം രാവിലെതന്നെ എണീച്ച് യാത്ര ആസ്വദിക്കാമല്ലോ എന്നോർത്ത് . അങ്ങനെ ഞങ്ങൾ ബെഡിലേക്ക് ചാഞ്ഞു . കിടന്നിട്ടും തണുപ്പ് കാരണം ഉറങ്ങാൻ കഴിഞ്ഞില്ല . അപ്പോൾ ഞങ്ങൾ ടിവി കണ്ടു . ടിവി കണ്ട് കിടന്നു സമയം പോയതറിഞ്ഞില്ല .ഉറക്കം നല്ലവണ്ണം വന്നു . പിന്നെ ടിവി ഓഫ് ചെയ്തു . ഞങ്ങൾ ഉറങ്ങാൻ തുടങ്ങി .


രാവിലെ എഴുന്നേറ്റ് കുളിച്ച് റെഡിയായി 7:30 ന് തുടങ്ങിയ യാത്ര അവസാനിച്ചത് വൈകുന്നേരമായിരുന്നു . ഒരുപാട് സ്ഥലങ്ങളിലൂടെ കൊടൈക്കനാലിൽ ഉടനീളം ഞങ്ങൾ യാത്ര ചെയ്തു തണുപ്പിന്റെ തൊങ്ങലുകൾ ചാർത്തുന്ന മഞ്ഞുതാഴ്വരയിലേക്ക് ഞങ്ങൾ യാത്രചെയ്തു. കോടമഞ്ഞിന്റെ താഴ്വരയാണ് കൊടൈകനാൽ. വർണ്ണനകൾക്കപ്പുറമാണ് പ്രകൃതി ഭംഗി . ആദ്യം മോയർ പോയിന്റിൽ നിന്നുള്ള കാഴ്ചകളാണ് കണ്ടത്. ശേഷം ഗുണ കേവ്, പില്ലർ റോക്ക് എന്നിവ കണ്ടു. അവിടെ വിട്ട് ഞങ്ങൾ പൈൻ മരങ്ങൾക്കിടയിലൂടെ നടന്നു. ഗ്രീൻവാലി വ്യൂ പോയിന്റ് സന്ദർശിച്ചു. കോക്കേർസ് വാക്കിലൂടെ ഞങ്ങൾ നടന്നു. ശേഷം റൂമിലെത്തി. അതുകഴിഞ്ഞ് നടന്നുകൊണ്ട് ഞങ്ങൾ താമസസ്ഥലത്തിനടുത്തുള്ള തടാകത്തിലേക്ക് പോയി. ഞങ്ങളുടെ ടൂറിന്റെ അവസാനമണിക്കൂറുകൾ തടാകത്തിലെ ബോട്ടുകൾക്കൊപ്പമായിരുന്നു. യാത്ര കഴിയാറായെന്ന സങ്കടം എന്നേ വല്ലാതെ അലട്ടിയിരുന്നു.എന്നാൽ രാത്രി ക്യാമ്പ് ഫയറിന്റെ ആഹ്ലാദവും സന്തോഷവും അങ്ങനെതന്നെ ഉണ്ടായിരുന്നു.ഞാനെന്റെ ജീവിതത്തിൽ വച്ച് വളരെയധികം സന്തോഷിച്ച നിമിഷങ്ങളായിരുന്നു ഈ ക്യാമ്പ് ഫയർ.അത്രയധികം ഞാനും എന്റെ കൂട്ടുകാരും സന്തോഷിച്ചിരുന്നു.ഓരോ പാട്ടിനൊപ്പം എല്ലാ കുട്ടികളും മടിച്ചു നിൽകാതെ ഡാൻസ് കളിച്ചു.ഭക്ഷണശേഷം ഞങ്ങൾ

കൊടൈകനാൽ വിട്ട് നാട്ടിലേക്ക് യാത്ര ആരംഭിച്ചു. പ്രകൃതിഭംഗി ഏറെയുള്ള കൊടൈകനാലിലേക്കു കൂട്ടുകാരുടെയും അധ്യാപകരുടെയുമൊപ്പം യാത്ര ചെയ്യാനായത് എന്റെ ഭാഗ്യമായി കരുതുന്നു.

ഫാത്തിമ സുഹൈല. സി
10 C









# കവിത

ഒറ്റയ്ക്കിരിക്കുന്ന  നേരത്ത്
ഞാനെന്റെ മനസ്സിന്റെ
താഴൊന്നു തുറന്നു നോക്കി

നോക്കുന്ന നേരത്ത്
എൻ മനസ്സിലേക്കൊരു
പുതിയ അതിഥി കടന്നുവന്നു
അവളുടെ പേരാണ്
'കവിത'

ഞാൻ അവളെ പതിയെ
എൻ കൂട്ടുകാരിയാക്കി

പിന്നീട് ഒരിക്കലും ഒറ്റയ്ക്കിരുന്നില്ല
കൂട്ടിനു കൂടെ അവളുണ്ടായിരുന്നു

അവളെന്റെ മനസ്സിലെ
സ്ഥിരതാമസക്കാരിയായി

ഫാത്തിമനസ്റിൻ
9-A

# ഹൈ-ടെക് ഉപകരണങ്ങളുടെ വിതരണം

## ഹൈ–ടെക് –ക്ലാസ്





# ജൂൺ-19 വായനാദിനം



പി.എൻ. പണിക്കർ
അനുസ്മരണ ദിനം



# പ്രവൃത്തിപരിചയം

## ഭക്ഷ്യ മേളയിലൂടെ...............









# ശുചീകരണം-ഗാന്ധിജയന്തിദിനത്തിൽ









CHALAVARA HIGHER SECONDARY SCHOOL


91


# ചിത്രകാരനോടൊപ്പം

**കേരളപ്പിറവിയോടനുബന്ധിച്ച് ചിത്രകാരൻ**
**ഇബ്രാഹിം ബാദുഷ**
**സ്ക്കൂളിലെത്തിയപ്പോൾ........................**

കേരളപിറവിയോടനുബന്ധിച്ച് ചളവറ ഹയർ സെക്കണ്ടറി സ്കൂളിൽ സമൂഹ ചിത്രരചന സംഘടിപ്പിച്ചു.നവകേരള നിർമ്മിതിയുടെ ഭാഗമായി, സംസ്ഥാന സർക്കാർ നടപ്പിലാക്കുന്ന ഗ്രീൻപ്രോട്ടോക്കോളിന്റെ ഭാഗമായ ചിത്രങ്ങൾ വരച്ചു. 20 അടി കാൻവാസിൽ അമ്പതോളം ചിത്രങ്ങളാണ് വിദ്യാർത്ഥികൾ വരച്ചത്. മലയാള ഭാഷാദിനാചരണം പി.കെസുധാകരൻമാസ്റ്റർ ഉദ്ഘാടനം ചെയ്തു.മുഖ്യ അതിഥിയായി ഇബ്രാഹിം ബാദുഷ പങ്കെടുത്തു.മാനേജർ ശ്രീ എം.പി. ബാലൻ പി.ടി.എ പ്രസിഡണ്ട് ശ്രീ വിജയരാഘവൻ ഹെഡ്മാസ്റ്റർ രാമദാസ്.എം എന്നിവർ സംസാരിച്ചു.







**അപർണ. സി**

**10A**



# e -വർണ്ണങ്ങൾ





# നവംമ്പർ-1 മനുഷ്യകേരളം

ചളവറ ഹയർ സെക്കണ്ടറി സ്കൂളിലെ  വിദ്യാർത്ഥികൾ
സ്റ്റാഫ്,മാനേജ്മെന്റ് അംഗങ്ങൾ,പിടിഎ അംഗങ്ങൾ എന്നിവർ ചേർന്ന്
കേരളപിറവിദിനത്തിൽ  മനുഷ്യകേരളം നിർമ്മിച്ച്
നവകേരളനിർമ്മിതിക്കായി
പ്രതിജ്ഞയെടുത്തു



# മാതൃരാജ്യത്തിനൊരു കത്ത്

## തപാൽ വകുപ്പുമായി സഹകരിച്ച്











# മലയാളത്തിളക്കം








# e -വർണ്ണങ്ങൾ







# സ്കൂൾ കലോത്സവം





# സാഹിത്യ വേദി ശില്പശാല

## ജയരാജ് കലുക്കല്ലൂർ ക്യാമ്പ് നയിക്കുന്നു





സംസ്കൃതോത്സവം സബ്ജില്ലാ ട്രോഫി രാജീവ് മാസ്റ്റർസ്വീകരിക്കുന്ന

# പഠനയാത്ര

## കൊടൈക്കനാൽ





# e -വർണ്ണങ്ങൾ





# പത്താംക്ലാസുകാർക്കുള്ളമോട്ടിവേഷൻ ക്ലാസ്





# പ്രശസ്ത സാഹിത്യകാരി - അനിത നായർ

## ചളവറ ഹയർ സെക്കണ്ടറി സ്ക്കൂൾ സന്ദർശിച്ചപ്പോൾ




### കഥകൾ കിട്ടിയ നാട്ടിലെ കുട്ടികൾക്കൊപ്പം

ഷബ്ന വി(യു. പി. വിഭാഗം അധ്യാപിക)

അനിതാ നായരുടെ എ വില്ലേജ് പൂരം എന്ന ഓർമക്കുറിപ്പ് ഏഴാം ക്ലാസിലെ ഇംഗ്ലീഷ് പാഠപുസ്കത്തിൽ പഠിക്കാനുണ്ട്. മുണ്ടക്കോട്ടു കുറിശ്ശി കുന്നത്ത് കാവിലെ പൂരത്തെയും പുത്തനാൽക്കാവിലെ കാളവേലയെയും കുറിച്ചുള്ള എഴുത്തുകാരിയുടെ ബാല്യകാല സ്മരണകളാണ് ആ പാഠം. ചളവറ എച്ച്.എസ്.എസിലെ കുട്ടികൾക്ക് ആ പാഠത്തോട് ഒരാത്മബന്ധമുണ്ട്. അവരുടെ നാടിന്റെ കഥയാണ് അത്. അവർ കാണുന്ന പൂരവും കാളവേലയുമൊക്കെയാണ് അനിതാ നായരുടെ എഴുത്തിലുണ്ട്.

ചളവറയിൽനിന്നു നാലു കിലോമീറ്റർ ദൂരമേയുള്ള മുണ്ടക്കോട്ടു കുറിശ്ശിയിലേക്ക്. അവിടെയാണ് അനിതാ നായരുടെ തറവാട്. അവിടുന്നാണ് അവർക്ക്ഏറെ അനുഭവങ്ങളും കുറേ കഥകളും കിട്ടിയത്. പൂതനും തിറയും ചിലമ്പും ചെണ്ടയുമൊക്കെ നിറഞ്ഞു നിൽക്കുന്ന എഴുത്തിന് പ്രചോദനം ഈ ഗ്രാമമാണ്. എ വില്ലേജ് പൂരം മാത്രമല്ല,

ദി ബെറ്റർ മാൻ, കൂ കൂ തീവണ്ടി പോലുള്ള കൃതികളിലൊക്കെ ഈ ഗ്രാമത്തിന്റെ ചിത്രങ്ങൾ കാണാം.

അതുകൊണ്ടു തന്നെ നാട്ടുകാരി കൂടിയായ എഴുത്തുകാരി സ്കൂളിലെത്തിയപ്പോൾ കുട്ടികൾ ആയിരം ചോദ്യങ്ങൾ കൊണ്ട് അവരെ പൊതിഞ്ഞു.
അനിതാ നായരും സ്വന്തം നാട്ടിലെ കുട്ടികളും തമ്മിൽ നടന്ന വർത്തമാനത്തിന്റെ പ്രസക്ത ഭാഗമാണ് ചുവടെ:

- മാഡത്തിന് പൂതനെയും തിറയെയും പേടിയാണെന്നും രാത്രി പേടി സ്വപ്നങ്ങൾ കണ്ടിരുന്നെന്നും എ വില്ലേജ് പൂരം എന്ന പാഠത്തിൽ പറയുന്നുണ്ട്. ഇപ്പോഴും പേടിയുണ്ടോ?

(ചിരി) കുട്ടിക്കാലത്ത് പ്രാഥമിക വിദ്യാഭ്യാസമൊക്കെ കേരളത്തിന് പുറത്തായിരുന്നു. വല്ലപ്പോഴും വരുമ്പോഴാണ് പൂതനെയും തിറയെയുമൊക്കെ കാണുന്നത്. ആ സമയത്ത്, പൂതന്റെയും തിറയുടെയും ചിലമ്പിന്റെയും ചെണ്ടയുടെയും ശബ്ദം കേൾക്കുമ്പോഴേ പേടിയായിരുന്നു. മുതിർന്നവരുടെ പിന്നിൽ പോയി ഓടിയൊളിക്കും. പല രാത്രികളിൽ ധാരാളം പേടിസ്വപ്നങ്ങളും കണ്ടിട്ടുണ്ട്. പിന്നെ മുതിർന്നപ്പോൾ ആ പേടിയൊക്കെ മാറി.

- നമ്മുടെ നാട്, മുണ്ടക്കോട്ടുകുറിശ്ശി എഴുത്തുജീവിതത്തിൽ എത്രമാത്രം സ്വാധീനിച്ചിട്ടുണ്ട്?

മുണ്ടക്കോട്ടുകുറിശ്ശി എന്റെ ജന്മനാടല്ല പക്ഷേ തറവാടൊക്കെ നിൽക്കുന്ന പ്രദേശമായതുകൊണ്ട് പ്രത്യേക ബന്ധമുണ്ട്. ലോകത്തെവിടെപോയാലും ഇവിടെ എത്തുമ്പോഴാണ്, ഇതാണ് എന്റെ നാട്, ഇവിടെയാണ് എന്റെ ബന്ധുക്കൾ എന്ന തോന്നലുണ്ടാകുക. ഞാനിവിടെയല്ല ജനിച്ചുവളർന്നത് എന്നതുകൊണ്ടുതന്നെ അവധിക്കാലങ്ങളിൽ വരുമ്പോൾ എന്നിക്കിവിടെ കണ്ടതൊക്കെ-പൂതനും തിറയും പൂരവും പാടവും വയലുമൊക്കെ അതിശയങ്ങളായിരുന്നു. കാരണം ഞാനധികവും നഗരങ്ങളിലാണ് വളർന്നത്. അപ്പൊ ഇവിടത്തെ ഓരോരോ ചെറിയ കാര്യങ്ങളും-പൂക്കളും പക്ഷികളും ആകാശത്തിന്റെ നിറം, പൊൻമോത്ത് മലയിൽ ആദ്യം മഴപെയ്തിട്ട് പിന്നെ മുണ്ടക്കോട്ടുകുറിശ്ശിയിൽ മഴപെയ്യുന്നത്, അങ്ങനെ ഓരോന്നും പ്രത്യേക അനുഭവമായിരുന്നു എന്റെ മനസിൽ സൃഷ്ടിച്ചിരുന്നത്. അപ്പൊ ഞാൻ എഴുതാൻ തുടങ്ങിയപ്പൊ എനിക്ക്

മനസ്സിലായി. ഞാൻ ഏറ്റവും അധികം സ്നേഹിക്കുന്ന എന്റെ നാടിനെകുറിച്ചാണ് ഞാൻ ആദ്യം എഴുതേണ്ടതെന്ന്. അതെന്റെ കവിതകളിൽ വന്നിട്ടുണ്ട്. കഥകളിൽ വന്നിട്ടുണ്ട്. ലേഖനങ്ങളിൽ വന്നിട്ടുണ്ട്. അതിനെ നൊസ്റ്റാൾജിയ എന്ന് പറയാൻ പറ്റില്ല. കാരണം വിട്ടുനിൽക്കണ സ്ഥലത്തെ കുറിച്ച് ആലോചിക്കുമ്പോഴാണ് നൊസ്റ്റാൾജിയ. ഇവിടെ നിൽക്കണ ആളെന്ന നിലയിൽ തോന്നുന്ന സന്തോഷം അതിനെ കുറിച്ചാണ് ഞാനെഴുതുന്നത്.

- മാഡത്തെ ഇന്ത്യൻ ഇംഗ്ലീഷ് എഴുത്തുകാരി എന്നാണല്ലോ വിശേഷിപ്പിക്കാറ്. എഴുത്തുകാരി എന്ന് വിശേഷിപ്പിക്കുന്നതല്ലേ കൂടുതൽ ഭംഗി.

എനിക്കങ്ങനെതന്നെയാണ് (എഴുത്തുകാരി എന്ന്) വിശേഷിപ്പിക്കേണ്ടത്. ലേബലൊക്കെ സാഹിത്യവേദികളിൽ ഓരോ ആളുകൾ വലിച്ചുണ്ടാക്കുന്നതാണ്. ശരിക്കുപറഞ്ഞാൽ പെണ്ണെഴുത്ത് ആണെഴുത്ത് എന്നൊന്നുമില്ല. എഴുത്തുമാത്രമേ ഉള്ളൂ. പാട്ടില് പെൺപാട്ട് ആൺപാട്ട് എന്നൊന്നുമില്ലല്ലോ. അതേപോലെത്തന്നെയാണ് എഴുത്തിലും ഒരു ലേബൽ വക്കേണ്ട ആവശ്യമൊന്നുമില്ല.മനുഷ്യന്റെ മനസ്സ് ഒരു വല്ലാത്ത സംഭവമാണ്. എന്തുകിട്ടിയാലും ഒരു ലേബലൊട്ടിക്കണം. അങ്ങനെ വന്ന ലേബലാണ് ഇന്ത്യയിൽ ഇംഗ്ലീഷിലെഴുതുന്ന എഴുത്തുകാർ എന്നത്. കുട്ടി പറഞ്ഞപോലെ എനിക്കൊരു ലേബലിലും താല്പര്യമില്ല.

- കുട്ടികൾക്കുള്ള കൂടുതൽ പുസ്തകങ്ങൾ പ്രതീക്ഷിക്കാമോ?

ഞാൻ ആറു പുസ്തകങ്ങൾ എഴുതിയിട്ടുണ്ട് കുട്ടികൾക്കായി. കുട്ടികൾക്കുള്ള രണ്ട് പുതിയ പുസ്തകങ്ങളുടെ പണിപ്പുരയിലാണ്. എനിക്കിഷ്ടമാണ് കുട്ടികൾക്ക് വേണ്ടി എഴുതാൻ.

- ഇപ്പൊ കേരളത്തിലൊക്കെ പെൺകുട്ടികൾക്ക് നേരെയുള്ള അതിക്രമങ്ങളൊക്കെ കൂടുതലാണല്ലോ. ഞങ്ങൾ എവിടെയെങ്കിലും പോകാനിറങ്ങിയാൽ അമ്മയും മുത്തശ്ശിയുമൊക്കെ പറയും കാലം നന്നല്ല, പോണ്ടാന്ന് ശരിക്കും കാലത്തിനാണോ ആളുകളുടെ മനോഭാവത്തിനാണോ പ്രശ്നം?

ഹ.ഹ ഇത്രയും പ്രായമായിട്ടും ലോകം മുഴുവൻ ഒറ്റക്ക് സഞ്ചരിച്ചിട്ടും ഇപ്പോഴും എന്നോടും പറയും അമ്മയൊക്കെ. ഒറ്റക്കാണോ പോണേ, ആരേലും കൂട്ടിപ്പൊയ്ക്കൂടേന്ന്. കാലമല്ല ആളുകളുടെ മനോഭാവം തന്നെയാണ് പ്രശ്നം. നിങ്ങള് കരുത്തരാവുക എന്നത് തന്നെയാണ് പ്രധാനം. എനിക്ക് പോകാനും എന്തെങ്കിലും പ്രശ്നം വന്നാൽ നേരിടാനുമുള്ള കരുത്തുണ്ടെന്ന് അച്ഛനമ്മമാരെ ബോധ്യപ്പെടുത്തുക.

ബെറ്റർമാനിലെ കൈക്കുറിശ്ശി എന്ന ഗ്രാമം യഥാർത്ഥത്തിൽ മുണ്ടക്കോട്ടുകുറിശ്ശി ആണല്ലോ. കൂ കൂ തീവണ്ടിയിലും മുണ്ടക്കോട്ടുകുറിശ്ശിയുണ്ട്.

ഞാനാദ്യം പറഞ്ഞില്ലേ. എഴുതിത്തുടങ്ങുമ്പോ, ഈ നാട്ടില് ഞാൻ കണ്ട പുതിയ അനുഭവങ്ങളായിരുന്നു എന്റെ ആശയങ്ങളുടെ അടിത്തറ. ഈ നാടിനോടുള്ള സ്നേഹത്തിൽ നിന്നാണ്, ഇവിടെ നിന്ന് കിട്ടുന്ന അനുഭവങ്ങളുടെ കരുത്തിലാണ് അതൊക്കെ എഴുതുന്നത്.

- ദി ബെറ്റർമാൻ, കൂ കൂ തീവണ്ടി തുടങ്ങിയ കൃതികളിലൊക്കെ മുണ്ടക്കോട്ടുകുറിശ്ശിയിലെ അനുഭവങ്ങളാണല്ലോ ചിത്രീകരിച്ചിരിക്കുന്നത്. ഏങ്ങിനെയാണ് അതിലേക്ക് വന്നത്?

ഞാൻ നേരത്തെ പറഞ്ഞതു പോലെ ഇവിടുത്തെ കാര്യങ്ങൾ എഴുതുമ്പോഴാണ് ഞാൻ ഏറ്റവും സന്തോഷവതിയാകുന്നത്. ഇവിടത്തെ അനുഭവങ്ങൾ എന്നെ അത്രമാത്രം സ്വാധീനിക്കുന്നുണ്ട്. അതെന്റെ എഴുത്തിലും വരും. കൃഷി അടക്കം ഞാൻ ഓരോ കാര്യങ്ങളും നന്നായി മനസ്സിലാക്കിയിട്ടാണ് എഴുതുന്നത്. നിരീക്ഷണങ്ങളുടേയും ഭാവനയുടേയും മിശ്രിതം.

- പെൺകുട്ടികൾക്ക് നേരെയുള്ള അതിക്രമങ്ങളൊക്കെ കൂടുതലാണല്ലോ. ഞങ്ങളെങ്ങോട്ടെങ്കിലും പോകാനിറങ്ങിയാൽ അമ്മേം മുത്തശ്ശീമൊക്കെ പറയും കുട്ടീ പോകണ്ട കാലം നന്നല്ലാന്ന്. ശരിക്കും കാലത്തിനാണോ കൊഴപ്പം? ആളുകളുടെ മനോഭാവമാണോ മാറേണ്ടത്?

നിങ്ങളോട് മാത്രമല്ല ഇത്രയും പ്രായമായിട്ടും ലോകം മുഴുവൻ യാത്രചെയ്തിട്ടും എന്റെ അമ്മ എന്നോട് പറയണ കാര്യമാണ്. എയർപോർട്ടിൽ വന്നിറങ്ങിയാ പിന്നോ ഒറ്റയ്ക്ക

ടാക്സിയിൽ വരാൻ പാടില്ലാ, പരിചയമല്ലാത്ത ആരുടെയെങ്കിലും കൂടെയേ വരാവൂന്ന് എന്ന് പറയും. നാടല്ല ആൾക്കാരാണ് ശരിയാവേണ്ടത്. കേരളത്തിന് പുറത്ത് ജീവിക്കുന്ന ആളെന്ന നിലയിൽ, കേരളത്തിൽ സ്ത്രീകളുടെ അവസ്ഥ മികച്ചതാണെന്നായിരുന്നു ആദ്യം എന്റെ തോന്നൽ. ഡിഗ്രിക്ക് പഠിക്കാനെത്തിയപ്പോഴാണ് അതും ശരിയല്ല എന്ന് മനസ്സിലായത്. മരുമക്കത്തായം സ്ത്രീകൾക്ക് അധികാരം നൽകിയെന്നൊക്കെ പറയുന്നതു വെറുതെയാണ്. സ്ത്രീശാക്തീകരണം യഥാർത്ഥത്തിൽ ഓരോ സ്ത്രീയുടെയും ഉള്ളിൽ നിന്ന് സംഭവിക്കുന്നതാണ്. നമ്മൾക്കതിന് കഴിവുണ്ടെന്ന് ഓരോ സ്ത്രീയും തെളിയിക്കണം. എത്രത്തോളം സ്ത്രീകൾ ഭയക്കുന്നുവോ, ആക്രമിക്കാൻ തോന്നലുള്ളവർക്ക് എളുപ്പമാകും അപ്പൊ ആദ്യം വേണ്ടത് ഭയം മനസ്സിൽ നിന്ന് കളയലാണ് വീട്ടുകാരെ പറഞ്ഞ് ബോധ്യപ്പെടുത്തുക. ഞാൻ ലോകത്തിൽ എവിടെയൊക്കെയോ പോയി വന്നിട്ടുണ്ട്. എനിക്ക് ഇതുവരെ മോശം അനുഭവങ്ങളുണ്ടായിട്ടില്ല. കാരണം ഭയം മനസ്സിൽ തോന്നിയാൽപോലും ഞാനത് കാണിക്കില്ല പിന്നെ കുറച്ച് കരുതൽ വേണം. സ്വന്തം കരുത്തിൽ വിശ്വസിക്കണം എന്നതാണ് എനിക്ക് നിങ്ങളോടുള്ള ഉപദേശം.

- ചെമ്മീൻ വിവർത്തനം ചെയ്യുമ്പോൾ ബുദ്ധിമുട്ടുണ്ടായോ? എന്തുകൊണ്ടായാലും കൂടുതൽ വിവർത്തനങ്ങൾ ഉണ്ടാകാത്തത്?

നളചരിതം വായിച്ച് ആകൃഷ്ടയായി, അത് പരിഭാഷപ്പെടുത്താനുള്ള ആഗ്രഹത്തിൽ നിന്ന്,അതിലേക്കുള്ള ആദ്യപടി എന്ന നിലയിലാണ്, ചെമ്മീന്റെ വിവർത്തനത്തിലേക്ക് എത്തുന്നത്. പ്രാദേശികമായ ഭാഷാ വ്യത്യാസങ്ങൾ, ആലപ്പുഴയിലെ ഭാഷയൊക്കെ കൊണ്ടുവരുന്നത് പ്രയാസമായിരുന്നു. സ്വന്തം പുസ്തകം എഴുതുന്നതിനേക്കാൾ കൂടുതൽ സമയം അതിനെടുക്കുന്നത് കൊണ്ടാണ് പരിഭാഷകളിലേക്ക് കടക്കാത്തത്.

# കായികം






# e -വർണ്ണങ്ങൾ









# സർവ്വീസിൽ നിന്ന് വിരമിക്കുന്നവർ



ശ്രീ.രാമദാസ് മാസ്റ്റർ
(1984-2019)
ഹെഡ്മാസ്റ്റർ




ശ്രീ വി. ടി. കുമാരൻ
(1999-2019)
നോൺ ടീച്ചിങ്ങ് സ്റ്റാഫ്



ചളവറ ഹയർ സെക്കണ്ടറി സ്കൂളിൽ നിന്ന് വിരമിക്കുന്ന രാമദാസ് മാസ്റ്റർക്കും കുമാരേട്ടനും ലിറ്റിൽ കൈറ്റ്സിന്റെ സ്നേഹാദരങ്ങൾ

# നന്ദി

ലിറ്റിൽ കൈറ്റ് ടീം (2018-2019)





നീരജ്-എ 9B

ലീഡർ



ഭാവന -എൻ 9A

ഡെപ്യൂട്ടി ലീഡർ




**CHALAVARA HSS**
**CHALAVARA (PO)**
**PIN 679505**
**PALAKKAD (DT)**

**Phone:0466 2289492**
**chalavarahss@gmail.com**